**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **11-06-2024 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തം പുരയിടത്തിൽ വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്ലിന്ത് ഏരിയ 3000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിട നിർമ്മാണം ആണെങ്കിൽ അപേക്ഷകൻ പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ, ഡവലപ്മെന്റ് പ്ലാൻ എന്നിവ സമ്പാദിച്ച് ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തുടർന്ന് ജില്ല ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്ത നീക്കം ചെയ്യാൻ അനുമതി നൽകുന്ന മണ്ണിന്റെ അളവിനു അനുസരിച്ചുള്ള മുൻകൂർ റോയൽറ്റി ഈടാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതാണ്. പ്ലിന്ത് ഏരിയ 3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിട നിർമ്മാണം ആണെങ്കിൽ മേൽ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കേണ്ടതും അവിടെ നിന്നും പരിശോധന നടത്തി അനുമതി നൽകുന്നതുമാണ്. |
| (ബി) | വീട് നിർമ്മിക്കുന്ന സ്ഥലത്തു നിന്നും നീക്കം ചെയ്യുന്ന മണ്ണ് സ്വന്തം പുരയിടത്തിൽ നിക്ഷേപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | വീട് നിർമ്മിക്കുന്ന സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണ് സ്വന്തം പുരയിടത്തിൽ നിക്ഷേപിക്കുന്നതിനായി പ്രത്യേക അനുമതി ആവശ്യമില്ല. മേൽ വിവരം വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിലൂടെ ജില്ലാ ജിയോളജിസ്റ്റിനെ അറിയിക്കേണ്ടതുണ്ട്. എന്നാൽ ഇങ്ങനെയുള്ള സാധാരണ മണ്ണ് വാഹനത്തിൽ കയറ്റി ഗതാഗതം ചെയ്യണമെങ്കിൽ ചോദ്യം എ യിലെ മറുപടി പ്രകാരമുള്ള അനുമതി കരസ്ഥമാക്കേണ്ടതുണ്ട്. |
| (സി) | മേൽ വിഷയത്തിൽ അപേക്ഷ നൽകേണ്ടത് ആർക്കാണെന്നും പ്രത്യേക അപേക്ഷ ഫാറം | (സി) | 3000 ചതുരശ്ര അടിക്ക് താഴെയുള്ള വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | നിർദ്ദേശിച്ചിട്ടുണ്ടോയെന്നും എത്ര രൂപയുടെ ഫീസാണ് അടക്കേണ്ടതെന്നും വിശദാംശം നൽകാമോ? | | സ്ഥാപനത്തിലും 3000 ചതുരശ്ര അടിക്ക് മുകളിലുള്ള വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് പ്രത്യേക അപേക്ഷ ഫോറം നിർദ്ദേശിച്ചിട്ടില്ല. സാധാരണ മണ്ണിനു ഒരു ടണ്ണിനു 40 രൂപ നിരക്കിൽ റോയൽറ്റി ഒടുക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ